മെയ് 2015 വാല്യം 8, ലക്കം 3 സ്വകാര്യ പ്രചരണത്തിനു മാത്രം

ശ്രീ രാം ചന്ദ്ര മിഷൻ

ECHOES ഇന്ത്യ വാർത്താപത്രിക

# മാസ്റ്ററുടെ വാർത്തകൾ

## ഹൈദരാബാദ് – മാർച്ച് 6 മുതൽ 9 വരെ

പൂജ്യ കമലേഷ് ഭായിയുടെ ഹൈദരാബാദ് യാത്രയെക്കുറിച്ച് അവിടത്തെ അഭ്യാസികളറിഞ്ഞത് യാത്രക്ക് ഏതാനും മണിക്കൂറുകൾക്ക് മുൻപ് മാത്രമാണ്. തുംകുണ്ഠയിലെ സോണൽ ആശ്രമത്തിലേക്ക് നേരിട്ടു പോയ അദ്ദേഹം അവിടെ സത്സംഗത്തിന് ശേഷം നടത്തിയ പ്രഭാഷണത്തിൽ, "എനിക്ക് ഇതൊരു സുപ്രധാന സന്ദർശനമാണ്, കാരണം നമ്മുടെ പ്രിയങ്കരനായ മാസ്റ്ററുടെ മഹാസമാധിക്കുശേഷമുള്ള ആദ്യത്തെ സന്ദർശനമാണ്. ഇന്ത്യയിലെ സെൻററുകളിലെ എന്റെ ഈ ആദ്യ സന്ദർശനം – ഇതിന്റെ ഓർമ്മകൾ എന്നിലെന്നുമുണ്ടാവും." എന്നു പറഞ്ഞു. മാസ്റ്ററുടെ ഭൗതിക സാമീപ്യമല്ല അദ്ദേഹത്തിന്റെ ഹൃദയവുമായുള്ള ബന്ധം വളർത്തലാണ് പ്രധാനമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

മാർച്ച് 7-ന് കമലേഷ് ഭായ് BHEL ആശ്രമത്തിലെ ധ്യാനമന്ദിരം ഉദ്ഘാടനം ചെയ്തു, തുടർന്നദ്ദേഹം അവിടെ രണ്ട് സത്സംഗവും നടത്തി. മുൻപ് നൽകിയിട്ടുള്ള മൂന്ന് നിർദ്ദേശങ്ങൾ പ്രാർത്ഥനാപൂർവ്വം നടത്തേണ്ടതും, സാധന കൃത്യമായി നടത്തേണ്ടതും ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. പിന്നീടദ്ദേഹം നമ്മുടെ പ്രിയങ്കരനായ ചാരിജിയുടെ ഇഷ്ട ആശ്രമപദ്ധതികളിലൊന്നായ 'കൻഹ' സന്ദർശിക്കുവാൻ തീരുമാനിച്ചു.

തുംകുണ്ഠ ആശ്രമത്തിലദ്ദേഹം മാർച്ച് 8-ന് സത്സംഗം നടത്തി. തുടർന്നു നടത്തിയ തന്റെ പ്രഭാഷണത്തിലദ്ദേഹം ഈ ലോകത്തുള്ള അപൂർണ്ണതകളിൽ നിന്നും നമ്മുടെ ഹൃദയങ്ങളെ സ്നേഹത്താൽ സംരക്ഷിക്കാനാവുമെന്ന് പറഞ്ഞു. പിന്നീട് പകൽ നടന്ന പ്രിസപ്റ്റർമാരുടെ യോഗത്തിൽ അവരുടെ ജോലിയേക്കുറിച്ചും അവർക്ക് അവലംബിക്കാവുന്ന പുതിയ രീതികളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. വൈകുന്നേരത്തെ സത്സംഗത്തിന് ശേഷം അദ്ദേഹം 'കൻഹ'യിലേക്ക് മടങ്ങിപ്പോയി.

9-ന് കമലേഷ് ഭായ് 'കൻഹ'യിൽ സത്സംഗം നടത്തി. അന്ന് വൈകീട്ടദ്ദേഹം ചെന്നൈയിലേക്ക് തിരികെപ്പോയി.





## മഹരാഷ്ട്ര പര്യടനം

**മുംബൈ : മാർച്ച് 13 മുതൽ 15 വരെ**

വെള്ളിയാഴ്ച്ച, മാർച്ച് 13-ന് മുംബൈയിലെത്തിയ കമലേഷ് ഭായ് ബദ്‌ലാപ്പൂരിലെ പുതിയ നിർദ്ദിഷ്ട ആശ്രമത്തിന്റെ സ്ഥലത്തേക്ക് പോയി. അവിടെ സത്സംഗം നടത്തിയ അദ്ദേഹം കമ്മിറ്റിയംഗങ്ങൾക്ക് അവിടത്തെ വികസനത്തിന്വേണ്ട നിർദ്ദേശങ്ങൾ നൽകി. പൻവേൽ ആശ്രമത്തിലേക്ക് പോകുന്നതിന് മുൻപദ്ദേഹം അവിടെയൊരു മരംനട്ടു.

മുംബൈയിൽ അദ്ദേഹം സത്സംഗങ്ങൾ നടത്തുകയും, പ്രിസെപ്റ്റർമാരുമായി കൂടിക്കാഴ്ച നടത്തുകയും അഭ്യാസികളുമായി സംസാരിക്കുകയും ചെയ്തു. ആധ്യാത്മികതയും ഭൗതികതയും തമ്മിലുള്ള സന്തുലനം തന്റെ ജീവിതത്തിൽ ഒരുവൻ വളർത്തണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇതിന്റെ അർത്ഥമെന്തെന്നാൽ ഒരാത്മീയ ജീവിതരീതി എളുപ്പം അവലംബിക്കുവാൻ ഉതകുന്ന ഭൗതിക ജീവിതമാകണം ഒരാൾ മാതൃകാപരമായി തിരഞ്ഞെടുക്കേണ്ടത്.

ശനിയാഴ്ച്ച, 14-ന്, സത്സംഗത്തിന്ശേഷം കമലേഷ് ഭായ് തന്റെ സ്വകാര്യ അനുഭവങ്ങളെക്കുറിച്ച് സംസാരിച്ചു. വേദന പൊതുവായ ഒന്നാണ്. പക്ഷെ പീഡാനുഭവം നാം തിരഞ്ഞെടുക്കുന്നതാണ്. താനും വേദനകൾ അനുഭവിച്ചിട്ടുണ്ടെന്നദ്ദേഹം പറഞ്ഞു, പക്ഷെ അവ മൂലം താൻ കഷ്ടപ്പെട്ടിട്ടില്ല. പൂന, അഹമദ്നഗർ, സൂരത്, ഷോളാപ്പൂർ, ചിക്ലി, ഔറംഗാബാദ്, നാസിക് എന്നീ ദൂരദിക്കുകളിൽ നിന്നും കൂടാതെ വിശാല മുംബൈയിലെ മറ്റ് കേന്ദ്രങ്ങളിൽ നിന്നും വന്ന ധാരാളം അഭ്യാസികൾ ഞായറാഴ്ച്ചത്തെ സത്സംഗത്തിന് വന്നത് അദ്ദേഹത്തെ ഏറേ സന്തോഷിപ്പിച്ചു.

മുംബൈയിലെ പ്രിസപ്റ്റർമാരെ അഭിസംബോധന ചെയ്ത് അദ്ദേഹം സംസാരിച്ചശേഷം ഒരു ചോദ്യോത്തര വേളയുണ്ടായി. അതിലെ ചില പ്രസക്ത ഭാഗങ്ങൾ:

- ബാബുജി മഹരാജ് പറഞ്ഞത്, ശരിക്കുമുള്ള നമ്മുടെ യാത്ര ആരംഭിക്കുന്നത് തന്നെ ആത്യന്തികതയുമായുള്ള ലയനത്തിനുശേഷമാണ്, ഏറേക്കുറെ, വിവാഹശേഷം ജീവിതം ശരിക്കും ആരംഭിക്കുന്നത് പോലെ.





- ധ്യാനിക്കുമ്പോൾ വരുന്ന ചിന്തകളെ എങ്ങിനെ കൈകാര്യം ചെയ്യണമെന്നതിന് അദ്ദേഹം ഇങ്ങനെ പറഞ്ഞു, "ധ്യാനിക്കുമ്പോൾ ചിന്തകളുണ്ടാവുന്നത് സ്വാഭാവികമാണ്, ചിന്തകളില്ലാത്ത അവസ്ഥയല്ല ലക്ഷ്യം, മറിച്ച് ദിവ്യ ജ്യോതിയെക്കുറിക്കുറിച്ചുള്ള ചിന്ത നിലനിർത്താനായാൽ നമുക്ക് മറ്റു ചിന്തകളെ അവഗണിച്ച് ധ്യാനം തുടരാനാവും".

ഞായറാഴ്ച്ചത്തെ സത്സംഗത്തിനും കുറച്ച് നേരത്തെയുള്ള ഉച്ചഭക്ഷണത്തിനും ശേഷം അദ്ദേഹം നാസിക്കിലേക്ക് പുറപ്പെട്ടു.

## മദ്ധ്യ മഹാരാഷ്ട്ര: മാർച്ച് 15 മുതൽ 19 വരെ

ഉച്ചക്ക് റോഡ് മാർഗ്ഗം **നാസിക്കി**ലെത്തിയ കമലേഷ് ഭായ് വന്നയുടൻ അവിടെ സന്നിഹിതരായിരുന്ന എകദേശം 300ഓളം അഭ്യാസികൾക്കായി സത്സംഗം നടത്തി. നിർദ്ധിഷ്ട ആശ്രമ സ്ഥലത്ത് നിർമ്മിച്ച താത്കാലിക ധ്യാനമന്ദിരത്തിൻെറ ഉദ്ഘാടനം അദ്ദേഹം വൈകുന്നേരം നിർവഹിച്ചു. യുവജനങ്ങളുമായി അരമണിക്കൂറോളം ചർച്ച നടത്തിയ അദ്ദേഹം പുതിയ അഭ്യാസികൾ, ടി.വി കണ്ട് സമയം കളയൽ, ആധുനിക കുടുംബ ജീവിതം,എങ്ങിനെ നമുക്ക് നമ്മളെത്തന്നെ മെച്ചപ്പെടുത്താം എന്നിങ്ങനെയുള്ള നിരവധി വിഷയളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകി.

16-ന സത്സംഗത്തിനും പ്രാതലിനും ശേഷം അദ്ദേഹം **ഔറംഗാബാദിലേക്ക്** പുറപ്പെട്ടു. യാത്രാമദ്ധ്യേ അദ്ദേഹം മിഷൻെറ ഒരു ഉപഗ്രഹ കേന്ദ്രമായ **ഇയോള** എന്ന സ്ഥലത്ത് ഒരു സത്സംഗം നടത്തി. പന്ത്രണ്ട് പുതിയ അഭ്യാസികൾക്ക് പ്രാരംഭ സിറ്റിംഗ് നൽകി; തുടർന്ന് ഉച്ചഭക്ഷണത്തിനുശേഷം അദ്ദേഹം എകദേശം 3 മണിയോടെ **ലാസൂർ** എന്ന സെൻററിലെത്തി. അവിടെ നിർദ്ധിഷ്ട ധ്യാന മന്ദിരത്തിനായുള്ള സ്ഥലത്തിൻെറ അടുത്തുള്ള ഒരു വൃക്ഷത്തിന കീഴെ അദ്ദേഹം എകദേശം 50 അഭ്യാസികൾക്കായി സത്സംഗം നടത്തി. അവിടെ സന്നിഹിതരായിരുന്നവർക്കെല്ലാം തന്നെ അതൊരു അവിസ്മരണീയ അനുഭവമായിരുന്നു. പിന്നീട് കമലേഷ് ഭായ് 4 മണിയോടെ ഔറംഗാബാദിലെത്തിച്ചേർന്നു. സത്സംഗം തുടങ്ങുന്നതിന് മുൻപായി നടത്തിയ ലഘു പ്രഭാഷണത്തിലദ്ദേഹം സ്നേഹമനോഭാവത്തോടെ ധ്യാനിക്കുന്നതിൻെറ പ്രാധാന്യത്തെക്കുറിച്ച് എടുത്ത് പറഞ്ഞു.

ചൊവാഴ്ച്ച 17-ന കമലേഷ് ഭായ് ഔറംഗാബാദിലെ ഗവൺമൻറ് എഞ്ചിനീയറിങ്ങ് കോളേജിൽ "ധ്യാനം അനുഭവിച്ചറിയുക" എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കുവാനായി എത്തിച്ചേർന്നു. തത്പരരായ അദ്ധ്യാപകരും, വിദ്യാർത്ഥികളും, ക്ഷണിതാക്കളുമടങ്ങിയ ഇരുനൂറോളമാളുകൾ ഇതിൽ പങ്കെടുത്തു. തൻെറ പ്രഭാഷണത്തിലദ്ദേഹം വിജ്ഞാനം കൈവശമാക്കുന്നതിനേക്കാളും സ്വാനുഭവത്തിലൂടെ നേടുന്ന അറിവിനാണ് കൂടുതൽ പ്രാധാന്യമെന്ന് ഊന്നിപ്പറഞ്ഞു. ധ്യാനത്തിൻെറ പ്രകൃതിയെക്കുറിച്ച് സംസാരിച്ച അദ്ദേഹം സഹജമാർഗ്ഗ പദ്ധതിയിൽ പ്രാണാഹുതിയിലൂടെ നൽകപ്പെടുന്ന പരമമായ സംരക്ഷണത്തെക്കുറിച്ചും എടുത്തു പറഞ്ഞു. പിരിമുറുക്കം കുറക്കുന്നതിനായുള്ളൊരു വിദ്യ അദ്ദേഹമവർക്ക് കാണിച്ചു കൊടുത്തു. പിന്നീടദ്ദേഹം ധ്യാനമനുഭവിച്ചറിയുന്നതിന് തത്പരരായവർക്കായി സത്സംഗം നടത്തി. മിക്കവാറും എല്ലാവരും തന്നെ പങ്കെടുത്ത ഈ ധ്യാനയോഗത്തിനൊടുവിൽ എകദേശം നാൽപ്പതിലേറേ വിദ്യാർത്ഥികൾ സാധന തുടങ്ങുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ചു.

ഇതിനുശേഷം **ചിക്കലി**യിലേക്ക് പോയ കമലേഷ് ഭായ് അവിടെയുണ്ടായിരുന്ന, 22 പുതിയ അഭ്യാസികളടങ്ങിയ 250-ഓളം അഭ്യാസികൾക്കായി സത്സംഗം നടത്തി. സത്സംഗത്തിനുശേഷം അദ്ദേഹം ഹിന്ദിയിൽ, എകദേശം 35 മിനിറ്റോളം സംസരിച്ചു. തുടർന്ന് അഭ്യാസികളുമൊത്ത് അത്താഴം കഴിച്ച അദ്ദേഹം എല്ലാവർക്കും നേരിട്ട് പ്രസാദം നൽകി.

18-ന കാലത്ത് സത്സംഗത്തിനുശേഷം **ജൽന**യിലേക്ക് പോയ അദ്ദേഹം അവിടെ സത്സംഗം നടത്തുകയും കൂടാതെ നിർദ്ധിഷ്ട ധ്യാനമന്ദിരത്തിനായി ഒരഭ്യാസി സംഭാവന നൽകിയ













സ്ഥലം സന്ദർശിക്കുകയും ചെയ്തു.

ഔറംഗബാദിൽ തിരിച്ചെത്തിയ അദ്ദേഹം ആശ്രമത്തിൽ വൈകുന്നേരം സത്സംഗം നടത്തുകയും സ്വയം മാറ്റമുണ്ടാവാൻ പ്രോത്സാഹനം നൽകും വിധം അവരോട് ഹിന്ദിയിൽ സംസാരിക്കുകയും ചെയ്തു. തങ്ങളിൽ ഒരാളാണു അദ്ദേഹവും എന്ന തോന്നൽ അഭ്യാസികളിൽ ഉളവാകുന്ന രീതിയിലാണു അദ്ദേഹം അവിടെ കഴിഞ്ഞത്.

മാർച്ച് 19നു അദ്ദേഹം **അഹമ്മദ്നഗർ** സെൻററിലേക്ക് പോയി. അവിടെ ഓം ഗാർഡൻ മംഗൾ കാര്യാലയത്തിൽ പ്രഭാത സത്സംഗം നടത്തിയതിനു ശേഷം കമലേഷ് ഭായ് ഒരു മുതിർന്ന അഭ്യാസിയുടെ വീട് സന്ദർശിച്ചു. ഔറംഗബാദിലേക്ക് മടങ്ങുന്നതിനുപകരം അദ്ദേഹം തൻെറ പദ്ധതിയിൽ മാറ്റം വരുത്തുകയും പൂനയിലേക്ക് പോകാൻ തീരുമാനിക്കുകയും ചെയ്തു.

## പൂന: മാർച്ച് 19 മുതൽ 22 വരെ

കുറച്ച് സഹപ്രവർത്തകരോടൊപ്പം കമലേഷ് ഭായ് പൂനയിലെത്തുകയും അവിടെ ഒരു അഭ്യാസിയുടെ വീട്ടിൽ സത്സംഗം നടത്തുകയും ചെയ്തു. 20നു അദ്ദേഹം പൻശേത് റിട്രീറ്റ് സെൻററിലേക്ക് പോയി. അവിടെ അദ്ദേഹത്തിൻെറ സന്ദർശന കാലയളവ് മുഴുവനും രാവിലേയും വൈകുന്നേരവും അദ്ദേഹം സത്സംഗം നടത്തി. അവിടെ അദ്ദേഹം പുതിയ 15 പ്രിസപ്റ്റർമാരെ തയ്യാറാക്കുകയും അഭ്യാസികൾക്കായി പല തവണ പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു. ഇവയിലൊന്നിൽ അദ്ദേഹം പറഞ്ഞു, "ജീവിതത്തിലെ അവസ്ഥാ ഭേദങ്ങൾക്കതീതമായി നിങ്ങളുടെ ഹൃദയത്തിൽ നിന്നും സ്നേഹം പ്രവഹിച്ചു കൊണ്ടിരിക്കണം. അത് കെട്ടിക്കിടക്കുന്ന വെള്ളം പോലെയാവരുത്, ഒരു നദിപോലെ ഒഴുകണം. മറ്റൊരു പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു, "ഹൃദയം നിങ്ങളോട് എപ്പോഴും സത്യം മാത്രം പറയുകയും നേരായമാർഗനിർദ്ദേശം നൽകുകയും ചെയ്യും. അത്യാഗ്രഹവും അഹന്തയും ഇടപെട്ട് വഴിതെറ്റിക്കും. ഹൃദയത്തെ പിന്തുടരാൻ ഒരുവനാവശ്യം ധൈര്യമാണ്. എപ്പോഴും ഹൃദയം പറയുന്നത് അനുസരിക്കുക."

പുതിയ അഭ്യാസികളെ കണ്ടും നിലവിലുള്ള അഭ്യാസികളുമായി ചർച്ച നടത്തിയും ചിരിച്ചും തൻെറ നിലയ്ക്കാത്ത കർമ്മങ്ങളിലേർപ്പെട്ടും അദ്ദേഹം കോട്ടേജിൽ സമയം ചെലവഴിച്ചു. എല്ലാ ദിവസവും അദ്ദേഹം ഖടക്വാസ്ല അണക്കെട്ടിൻെറ തീരങ്ങളിലേക്ക് ആഹ്ലാദത്തോടെ നടക്കുകയും അവിടെ അൽപനിമിഷം നിശബ്ദമായി ഇരിക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം അഭ്യാസികളും കുട്ടികളുമായി ഇടപെടുകയും തൻെറ ഹൃദയവിശാലതകൊണ്ടും സ്നേഹം കൊണ്ടും ഒരോരുത്തരുടേയും മനംകവരുകയും ചെയ്തു.

## ആന്ധ്രയുടെ തീരപ്രദേശസെൻററുകളുടെ പര്യടനം

**ഏപ്രിൽ 2 മുതൽ 12 വരെ**

2-ാംതീയതി രാവിലെ 6.30നു ആദരണീയനായ കമലേഷ് ഭായ് പ്രഭാത കൃത്യങ്ങളെല്ലാം കഴിഞ്ഞു ധ്യാനനിരതനായി. ആന്ധ്രയുടെ തീരപ്രദേശത്തുള്ള ധാരാളം കേന്ദ്രങ്ങൾ സന്ദർശിക്കാനുള്ള ഈ പുതിയ സഞ്ചാരപദ്ധതിയെ അനുഗ്രഹിക്കാൻ അദ്ദേഹം മാസ്റ്റർമാരോട് പ്രാർത്ഥിച്ചു. ഈ കേന്ദ്രങ്ങളെല്ലാം വീണ്ടും സന്ദർശിക്കാൻ ചാരിജിയ്ക്ക് താത്പര്യമുണ്ടായിരുന്നുവെന്നും പല കാരണങ്ങളാലും അത് നടന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

രാവിലെ 9 മണിയോടെ അദ്ദേഹം **സുള്ളൂർപേട്ട**യിലെത്തുകയും അവിടെ ഉണ്ടായിരുന്ന 120 അഭ്യാസികൾക്ക് സത്സംഗം നടത്തുകയും ചെയ്തു. ചെറിയൊരു പ്രഭാഷണത്തിനു ശേഷം അദ്ദേഹം **നെല്ലൂരി**ലേക്ക് പോയി. അടുത്ത ദിവസം അദ്ദേഹം നെല്ലൂർ സിറ്റിയിൽനിന്നും ഏകദേശം 15കി.മീ. അകലെ **മണ്ണവരപ്പാഡു** എന്ന സ്ഥലത്ത് പുതുതായി നിർമ്മിച്ച സുലോചന സദൻ ആശ്രമം ഉത്ഘാടനം ചെയ്തു. അഹന്തയും സംസ്ക്കാരവും രണ്ടു വ്യത്യസ്ത അസ്തിത്വങ്ങളാണെന്നു ഒരു പ്രഭാഷണത്തിനിടയിൽ അദ്ദേഹം വിശദീകരിച്ചു. "അഹന്തയ്ക്ക് സംസ്ക്കാരവുമായി യാതൊരു ബന്ധവുമില്ല. ഞാനിത് ചെയ്യുകയില്ല അല്ലെങ്കിൽ 'ഞാൻ ഭാര്യയോട് /ഭർത്താവിനോട് ആവശ്യമായ രീതിയിൽ പെരുമാറുകയില്ല' എന്ന് തീരുമാനിച്ചുകൊണ്ട് പ്രവർത്തിക്കരുത്. ഇത് അസ്വസ്ഥതയും ക്രമരാഹിത്യവും കൂടുതൽ സംസ്കാരങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അഹന്ത സംസ്കാരത്തിൻെറ ഫലമല്ല. എന്നാൽ അഹന്ത കൂടുതൽ സംസ്ക്കാരങ്ങൾ സൃഷ്ടിക്കുന്നു.

ഏപ്രിൽ 4 മുതൽ 6 വരെ, അദ്ദേഹം **കാവലി, ഓംഗോൾ** എന്നീ





ആശ്രമങ്ങൾ സന്ദർശിച്ചു. ഈ സ്ഥലങ്ങളിൽ, അവിടത്തെ തദ്ദേശവാസികളായ അഭ്യാസികളെ കൂടാതെ അടുത്തുള്ള കേന്ദ്രങ്ങളിലെ ധാരാളം അഭ്യാസികളും എത്തിച്ചേർന്നിരുന്നു. കമലേഷ് ഭായ് അവിടെ സത്സംഗം നടത്തുകയുംഅഭ്യാസികളുടെയും കുട്ടികളുടെ കൂടെ സമയം ചിലവഴിക്കുകയും ചെയ്തു. 6–ാം തിയ്യതി, ചിലകലൂരിപേട്ട യിലേക്കു പോവുന്ന വഴിയിൽ **യനമാഡ്ല** എന്ന് ഒരു ചെറിയ ഗ്രാമം സന്ദർശിക്കുകയും, അവിടെ സഹജ മാർഗത്തെക്കുറിച്ചു കൂടുതൽ അറിയുവാൻ ആഗ്രഹമുള്ള 250 തദ്ദേശവാസികളെ അഭിസംബോധന ചെയ്യുകയുമുണ്ടായി. ജീവിതലക്ഷ്യത്തെ ക്കുറിച്ചും ധ്യാനത്തിൻെറ ആവശ്യകതയെക്കുറിച്ചും അദ്ദേഹം ഒരു സന്ദേശം നൽകി.

കമലേഷ് ഭായി അവിടെ നിന്നു **ചിലകലൂരിപ്പെട്ട**യിലേക്കു പോയി. സത്സംഗത്തിനു ശേഷം, അദ്ദേഹം ആശ്രമത്തെ ആശീർവദിക്കുകയും അവിടെ കൊടുത്ത ഒരു ചെറിയ സന്ദേശത്തിൽ പ്രാദേശികാഭ്യാസികളോട് മരങ്ങൾ നടുവാനും ഉപദേശിച്ചു. അദ്ദേഹം പറഞ്ഞത്, ലാലാജി ആഗ്രഹച്ചിരുന്നത് എല്ലാ ആശ്രമങ്ങളും കാകഭുശുണ്ടിയുടെ ആശ്രമം പോലെ പച്ചപിടിച്ചതും ശാന്തവുമാവണം എന്നാണ്; മരങ്ങൾ സംപ്രേഷണം നിലനിർത്തും, എന്നാൽ മനുഷ്യർ അതു നിലനിർത്തുകയോ കളയുകയോ ചെയ്യും. അതുകൊണ്ടു കൂടുതൽ മരങ്ങൾ നടുന്നതു വഴി ആശ്രമത്തിൻെറ ചാർജ് നിലനിർത്തുവാൻ സാധിക്കും.

ഉച്ചയോടെ അദ്ദേഹം **കോലകലൂർ** ആശ്രമത്തിൽ എത്തി സത്സംഗം നടത്തുകയും, തീരദേശത്തെ സമ്മേളനങ്ങളിൽ ഉണ്ടായിരുന്ന അതേ അന്തരീക്ഷം തുടർച്ചയായി അനുഭവപ്പെടുകയും ചെയ്തു. ഉച്ചക്കു വിശ്രമിക്കുമ്പോൾ അദ്ദേഹം, എല്ലാ മാസ്റ്റർമാരും ഈ യാത്രയിൽ കൂടെയുണ്ടെന്നും, അവർ ഈ പ്രപഞ്ചം മുഴുവനും തങ്ങളുടെ പ്രത്യേകോദ്ദേശ്യത്തിനായുള്ള പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുകയാണെന്നും പറഞ്ഞു. ആർജ്ജവത്തോടെയുള്ള ആധ്യാത്മികത മനുഷ്യകുലത്തിന്, അതിൻെറ സ്വന്തം നന്മക്കും അതിജീവനത്തിനും അത്യാവശ്യമാണ്.

ഏപ്രിൽ 7നു രാവിലെ 8.30 നു കമലേഷ് ഭായ് **ഗുണ്ടൂർ** ആശ്രമത്തിൽ എത്തിച്ചേർന്നു. അദ്ദേഹത്തെ സ്വീകരിക്കാൻ ഏകദേശം 400 അഭ്യാസികൾ ഉണ്ടായിരുന്നു. സത്സംഗത്തിനു ശേഷം അദ്ദേഹം പരിസരമെല്ലാം സന്ദർശിക്കുകയും എല്ലാം വളരെ ശ്രദ്ധയോടെ നിരീക്ഷിക്കുകയും ചെയ്തു. തൻെറ സന്ദർശന സൂചകമായി, അദ്ദേഹം അവിടെ മൂന്ന് മാവിൻ തൈകൾ നട്ടു. 10.30നു അദ്ദേഹം വിജയവാഡക്കു പോയി.

വിജയവാഡക്കു പോകുന്ന വഴിയിൽ, കമലേഷ് ഭായ് കെ എൽ യുണിവേഴ്സിറ്റിയിൽ, വിജയവാഡ ടീം അവിടെ സംഘടിപ്പിച്ചിരുന്ന തുറന്ന സദസ്സിൽ പങ്കെടുത്തു. ജീവിതത്തിൽ ധ്യാനത്തിൻെറ ആവശ്യകതയെക്കുറിച്ചുള്ള ചെറിയ ഒരു ആമുഖം, ഏകദേശം 300 വിദ്യാർത്ഥികളും അദ്ധ്യാപകരും ഔത്സുക്യത്തോടെ ശ്രദ്ധിച്ചു. പ്രചോദനാത്മകമായ സംസാരത്തിനു ശേഷം അദ്ദേഹം, പിരിമുറുക്കം കുറയ്ക്കുന്ന ഒരു സെഷൻ നടത്തി; നിമിഷങ്ങൾക്കകം പങ്കെടുത്തവരെല്ലാം ഗാഢമായ അവസ്ഥയിൽ നിമഗ്നരായി. പിന്നീട് അദ്ദേഹം എല്ലാ വിദ്യാർത്ഥികൾക്കും ആദ്യത്തെ സിറ്റിംഗ് കൊടുക്കുകയും, തുടർന്നുള്ള ദിവസങ്ങളിൽ വിദൂര സിറ്റിംഗ് കൊണ്ട് പ്രാരംഭ സിറ്റിംഗുകൾപൂർത്തിയാക്കുകയും ചെയ്തു.

**വിജയവാഡ** ആശ്രമത്തിൽ, നാൽപതോളം കുട്ടികൾ, അവരുടെ ഹൃദയത്തിൽ നിന്നും നിറഞ്ഞുതുളുമ്പുന്ന സ്നേഹത്തോടെ ഒരു പാട്ട് പാടി, ഹൃദയംഗമമായ സ്വീകരണമാണ് അദ്ദേഹത്തിനു നൽകിയത്. സത്സംഗത്തിനു ശേഷം അദ്ദേഹം ആശ്രമത്തിനു സമീപമുള്ള എസ് എം എസ് എഫ് കെട്ടിടം സന്ദർശിച്ചു. അദ്ദേഹം തൻെറ ദീർഘദൃഷ്ടിയോടെയുള്ള ഉപദേശങ്ങൾ സെൻറർ ഇൻ ചാർജിനു നൽകുകയും, നഗരത്തിനു ഹൃദയഭാഗത്തുള്ള ആ സ്ഥലത്തെ അനുകൂലപ്രദമായി ഉപയോഗിക്കാൻ ഉപദേശിക്കുകയും ചെയ്തു. അന്നു വൈകുന്നേരം അദ്ദേഹത്തിൻെറ കോട്ടേജിൽ നടന്ന ചർച്ചയിൽ അദ്ദേഹം മോഹങ്ങളും ആഗ്രഹങ്ങളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ഉൾകാഴ്ച നൽകുകയും, എന്തുകൊണ്ടാണ് സഹജമാർഗ പ്രാർത്ഥനയിൽ 'ആഗ്രഹങ്ങൾ' എന്ന് പരാമർശിക്കുന്നത് എന്നതിനെക്കുറിച്ചു മനനം ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു.

8–ാം തിയ്യതി രാവിലെ അദ്ദേഹം സത്സംഗവും അതേത്തുടർന്ന് ചെറിയൊരു പ്രഭാഷണവും നടത്തി; അതിൽ അവിടെ സന്നിഹിതരായിരുന്നവരോട് പുതിയ അഭ്യാസികളെ തുറന്ന







ഹൃദയത്തോടെ സ്വീകരിക്കുവാനും നമ്മൾ അവർക്കു സഹജ മാർഗത്തിന്റെ അനുഭവങ്ങൾ അനുഭവവേദ്യമാകത്തക്ക വിധത്തിലുള്ള അന്തരീക്ഷം സൃഷ്ടിച്ചു കൊടുക്കുവാനും പറഞ്ഞു.

**ഏലൂരിൽ**നിന്നും **രാജമുണ്ഡ്രി** ആശ്രമത്തിലേക്കുള്ള യാത്രക്കിടയിൽ അദ്ദേഹം ഒരിക്കൽകൂടി മരങ്ങൾ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും ആശ്രമങ്ങളിൽ മരങ്ങൾ നടുന്നതിന്റെ ആവശ്യകതയേക്കുറിച്ചും പ്രതിപാദിച്ചു.

ഒൻപതാം തീയ്യതി വൈകുന്നേരം **കാക്കിനാട** ആശ്രമത്തിൽ എത്തുന്നതിന്ന് മുമ്പ് അദ്ദേഹം **അമലാപുരം, യാനം** സെൻററുകൾ സന്ദർശിച്ചു. സത്സംഗത്തിനുശേഷം നടത്തിയ പ്രഭാഷണത്തിൽ അദ്ദേഹം നമ്മുടെ സാധനയെ പോഷിപ്പിക്കുന്ന അചഞ്ചലമായ പ്രയത്നത്തിന്റെ ആവശ്യകതയേക്കുറിച്ചു ഊന്നിപ്പറഞ്ഞു. “ചെറിയ പ്രയത്നങ്ങൾ വലിയ നേട്ടങ്ങൾ ഉണ്ടാക്കും. ചെറിയ പ്രയത്നങ്ങൾ തുടക്കത്തിൽ നന്നായി തോന്നുകയില്ല. പക്ഷെ നമ്മുടെ ഹൃദയത്തിൽ ഉണ്ടാക്കപ്പെടുന്ന ചെറിയ അവസ്ഥ മുകളിൽനിന്നും വരുന്ന ജലത്തുള്ളികളെപ്പോലെ കൂട്ടിച്ചേർക്കപ്പെടുന്നു. ഓരോ അവസ്ഥയും അതേമാതിരിയാണ്. നമ്മൾ അത് ജലത്തുള്ളികളെപ്പോലെ ബാഷ്പീകരിക്കാനനുവദിക്കരുത്, അത് നമ്മൾ ഹൃദയത്തിൽ ശേഖരിച്ച് ഒരു സാഗരമാക്കണം. പിന്നീട് ആ സമുദ്രം മാസ്റ്ററുടേതുമായി സംയോജിക്കുമ്പോൾ അവിടെ പ്രൗഢമായ മനോഹാരിതയുണ്ടാവുന്നത്, നിങ്ങൾക്ക് കാണാം.”

കമലേഷ് ഭായ് പത്താം തീയ്യതി ഉച്ചക്ക് പുറപ്പെട്ട് സുമാർ 40 കി.മി. അകലേയുള്ള **സമ്പത്തിപുരം** ആശ്രമത്തിലെത്തി. വൈകുന്നേരത്തോടെ അദ്ദേഹം പുറത്ത് അഭ്യാസികളുമൊത്തിരുന്ന് ഹൈദരാബാദ് പദ്ധതിയേക്കുറിച്ച് സംസാരിച്ചപ്പോൾ അത് സഹജ മാർഗ്ഗത്തിന്റെ മെക്ക ആകുമെന്ന് അഭിപ്രായപ്പെട്ടു. ആ സംഭാഷണം പിന്നീട് ശാസ്ത്രത്തിലേക്കും ആത്മീയതയിലേക്കും നീണ്ടുപോയി. ഉച്ചഭക്ഷണത്തിന്ന് ശേഷം അദ്ദേഹം പ്രാദേശിക സംഘത്തിനോടൊപ്പം ഭാവി പുരോഗമന സാധ്യതകളേക്കുറിച്ചു ചർച്ച ചെയ്യുകയും ആദ്ധ്യാത്മിക കാര്യങ്ങളേക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുകയും ചെയ്തു. അടുത്ത ദിവസം അലസതയേക്കുറിച്ചുള്ള ഒരു ചോദ്യത്തിനുത്തരമായി അദ്ദേഹം പറഞ്ഞു: “നമ്മളുടെ നിഷ്ക്രിയത്വവും സംസ്കാരങ്ങളുണ്ടാക്കുന്നു, ചില കാര്യങ്ങൾ നമുക്ക് ചെയ്യാൻ പറ്റാതിരിക്കുകയും അത് എപ്രകാരം ചെയ്യണമെന്നറിയാതെ നീണ്ടുപോകുകയും ചെയ്താൽ, അതും സംസ്കാരമായി മാറുന്നു”. 12-ാംതീയതി, സത്സംഗത്തിനുശേഷം രാവിലെ ഏഴരമണിക്ക് അദ്ദേഹം ഒരു ഉപസംഹാര പ്രസംഗത്തിൽ ആത്മാർപ്പണമായർപ്പിച്ച സാധകം മൂലം എല്ലാവരേയും നല്ലതിലേക്കുള്ള ഒരു മാറ്റത്തിനായ് ഉത്സാഹിപ്പിക്കുവാനും സ്വയം അപ്രകാരം മാറിയ ഫലം കാണിച്ച് ആകർഷിക്കുവാനും ഉപദേശിച്ചു. അതിനുശേഷം പ്രിസപ്റ്റർമാരും അഭ്യാസികളുമായുള്ള ഒരു അനൗപചാരിക ചർച്ചയിൽ എല്ലാവരും മിഷന്റെ വികസനത്തിനായി സജീവമായി പങ്കെടുക്കണമെന്ന് അദ്ദേഹംപറഞ്ഞു. ഉച്ചക്ക് അദ്ദേഹം വളണ്ടിയർമാരോടൊപ്പം ഭക്ഷണം കഴിക്കുകയും സുമാർ ഒരു മണിക്കൂർനേരം സംസാരിച്ചിരിക്കുകയും ചെയ്തു.

യാത്രാപരിപാടികളുടെ അവസാനമായി അദ്ദേഹം വളരെ സന്തോഷവാനാണെന്നും അധ്യാത്മിക യോഗങ്ങളിൽ അഭ്യാസികളുടെ അച്ചടക്കത്തോടുള്ള സാമീപ്യവും പങ്കെടുക്കലിലും അദ്ദേഹത്തിന് മതിപ്പ് തോന്നിയെന്നും പറഞ്ഞു. അദ്ദേഹം ഹൈദരാബാദിലേക്ക് ട്രെയിനിൽ പുറപ്പെട്ടു.

## ഹൈദരാബാദ്: 13 ഏപ്രിൽ

കമലേഷ് ഭായ് ഹൈദരാബാദിൽ 10 മണിക്ക് എത്തുകയും നേരെ സുമാർ 2000 അഭ്യാസികൾ കാത്തിരുന്ന ദോമൽഗുഡ യോഗാശ്രമത്തിലേക്കു പോകുകയും ചെയ്തു. സത്സംഗത്തിനുശേഷം അദ്ദേഹം നടത്തിയ ഒരു ചെറു പ്രഭാഷണത്തിൽ 2015 മാർച്ച് 31 ലെ വിസ്പർ മെസ്സേജിൽ ബാബുജി മഹാരാജ് പറഞ്ഞ ഉദ്ധരണി, അതായത് കാൻഹ ശാന്തി വനം പദ്ധതി ഒരു ‘ആധ്യാത്മിക ശ്രീകോവിൽ’ ആകുമെന്ന് എടുത്തു പറഞ്ഞു. അദ്ദേഹം ഇതിനെ 50,000മോ അതിലധികമോ മരങ്ങൾ വെച്ചുപിടിപ്പിച്ച് ശരിക്കും ഒരു വനമാക്കുവാൻ എല്ലാ അഭ്യാസികളും സത്യസന്ധമായി കഴിവതും പങ്കെടുക്കണമെന്ന് ഉപദേശിച്ചു. അദ്ദേഹം ഈ പദ്ധതിക്ക് കുറഞ്ഞത് 2000 സന്നദ്ധസേവകർ വേണമെന്നും കൂട്ടിച്ചേർത്തു. വൈകുന്നേരം അദ്ദേഹം കുറച്ച് സമയം കാൻഹയിൽ ചിലവഴിച്ചശേഷം ദില്ലിയിലേക്ക് യാത്ര തിരിച്ചു.

## വടക്കെ ഭാരത യാത്ര: 2015 ഏപ്രിൽ 14 മുതൽ 20 വരെ

14-ാം തീയ്യതി കമലേഷ് ഭായ് **ഗുർഗാവ്** ആശ്രമത്തിൽ സത്സംഗം നടത്തുകയും വൈകുന്നേരം ധ്യാനത്തിനുശേഷം ഒരു പ്രഭാഷണം നടത്തുകയും ചെയ്തു.

അദ്ദേഹം 15-ാം തീയ്യതി രാവിലെ ദില്ലിയിൽനിന്ന് **ലഖ്നൗ** അമൗസി വിമാനത്താവളത്തിലെത്തുകയും അവിടെനിന്നും നേരെ ആശ്രമത്തിലേക്കു പോകുകയും ചെയ്തു. പ്രഭാതഭക്ഷണത്തിനും ഒരു ചെറു വിശ്രമത്തിനും ശേഷം അദ്ദേഹം ബാബുജി മഹാരാജിന്റെ ജന്മദിനാഘോഷങ്ങളുടെ സൈറ്റ് മാപ്പ് പരിശോധിക്കുകയും മെച്ചപ്പെടുത്തുവാനായി ചില നിർദേശങ്ങൾ കൊടുക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം കാറിൽ പരിസരം മുഴുവനും ചുറ്റിക്കണ്ടു. പിന്നീട് അദ്ദേഹം ധ്യാനമന്ദിരത്തിൽ ഒരു സത്സംഗം നടത്തുകയും തുടർന്ന് ഒരു ചെറു പ്രഭാഷണം അഭ്യാസികൾക്കായി നടത്തുകയും ചെയ്തു.

16-ാം തീയ്യതി അദ്ദേഹം അവിടേ നിന്നും നേരെ **ഷാഹ്ജഹാൻപൂർ** ആശ്രമത്തിലേക്ക് തിരിച്ചു, അവിടെ 9 മണിക്ക് എത്തി. വളരെ സ്നേഹവും അത്യുത്സാഹവുമുള്ള കുറച്ച് അഭ്യാസികൾ അവിടെ പാതയോരത്ത് കാത്തിരുന്ന് അദ്ദേഹത്തെ പൂമാലകളോടും സ്നേഹം നിറഞ്ഞ ഹൃദയത്തോടും കൂടി സ്വീകരിച്ചു. ആശ്രമത്തിലെത്തിയ അദ്ദേഹം ബാബുജി മഹാരാജിന്റെ മഹാസമാധി മണ്ഡപത്തിലേക്കു പോയി പൂക്കൾ അർപ്പിച്ചു. അഞ്ചുമിനുട്ടുനേരത്തെ ചെറിയ ഒരു ധ്യാനത്തിനുശേഷം അദ്ദേഹം ധ്യാനമന്ദിരത്തിലേക്കു പോയി സത്സംഗം നടത്തി.





അതിനു ശേഷം അദ്ദേഹം ആശ്രമം ചുറ്റിനടന്ന് കണ്ടു. അടുക്കളയും ഡൈനിംഗ് ബ്ലോക്കും പ്രത്യേകം സന്ദർശിച്ച് തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അതിനുശേഷം ഇമെയിലുകൾ പരിശോധിക്കുകയും ഭരണപരമായ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. വൈകുന്നേരം അദ്ദേഹം ഒരു സത്സംഗം നടത്തുകയും ഷാജഹാൻപൂരിലുള്ള വളരെ സ്നേഹവും ഭക്തിയുമുള്ള ഒരു അഭ്യാസിയുടെ വീട് സന്ദർശിക്കുകയും ചെയ്തു.

ഒരു പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു, “നമ്മുടെ പുരോഗതി നമ്മുടെ പെരുമാറ്റത്തിൽ ദൃശ്യമാകും വിധം വേണം പരിശീലനം നടത്താനെന്ന് ലാലാജി മഹാരാജ് പറയാറുണ്ടായിരുന്നു. അയാൾ ഒരു സഹജമാർഗ അഭ്യാസിയാണെന്ന് മറ്റുള്ളവർക്ക് പറയാനാവണം. സായാഹ്ന ശുദ്ധീകരണത്തിൻെറ ആവശ്യമേ വരാത്ത രീതിയിൽ അദ്ദേഹത്തിൻെറ സ്മരണയിൽ ആമഗ്നമായിക്കൊണ്ടുള്ള ഒരു ജീവിതം നാം നയിക്കണം. അതാണ് ആത്യന്തികമായ നേട്ടം.” ഷാജഹാൻപൂരിലായിരിക്കുമ്പോൾ തന്നെ കമലേഷ് ഭായ് ആന്ധ്ര തീരത്തുള്ള ഒരു കൂട്ടം ഗ്രാമീണർക്ക് വിദൂര പ്രാരംഭ സിറ്റിംഗ് നൽകുകയുണ്ടായി.

17നു ധ്യാന കേന്ദ്രത്തിൽ വെച്ച് അദ്ദേഹം ഒരു സത്സംഗം നടത്തുകയും പ്രഭാത ഭക്ഷണത്തിനു ശേഷം ബാബുജി മഹാരാജിൻെറ വീട് സന്ദർശിച്ച് ബാബുജി താമസിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന അതേ മുറിയിൽ സത്സംഗം നടത്തുകയും ചെയ്തു.

9.30 ആയപ്പോൾ അദ്ദേഹം ഷാജഹാൻപൂരിൽ നിന്ന് **ഫത്തേഗറി**ലേക്ക് പോയി. ആശ്രമത്തിലെത്തിയതിനു ശേഷം അദ്ദേഹം സത്സംഗം നടത്തുകയും ആശ്രമാങ്കണത്തിൻെറ പുരോഗതിക്കു വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു “നമ്മുടെ ഗുരുദക്ഷിണ എന്നത് അദ്ദേഹത്തിൻെറ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുക എന്നതാണു. പുതിയ ആളുകൾ അത് പരിശീലിക്കുന്നുണ്ടോ ഇല്ലയോ എന്നത് അവരുടെ ഇഷ്ടം. പക്ഷെ അവർ സഹജമാർഗ ധ്യാനത്തെ പറ്റി അറിഞ്ഞിരിക്കണം. അവരെപ്പോൾ വന്നാലും സഹജമാർഗത്തിൻെറ വാതിലുകൾ അവർക്കുവേണ്ടി തുറന്നിരിക്കുമെന്ന് നാം അവർക്ക് ഉറപ്പുകൊടുത്തിരിക്കണം. അവരെ കുറ്റപ്പെടുത്തരുത്. സഹജമാർഗം സ്നേഹത്തിൻെറ പാതയാണ്.”

സ്നേഹനിധിയായ അവരുടെ മാസ്റ്റർ അത്താഴത്തിനു ഭക്ഷണം വിതരണം ചെയ്യുന്നതു കണ്ടപ്പോൾ എല്ലാ അഭ്യാസികളും സ്നേഹത്തിലും കൃതജ്ഞതയിലും മുഴുകി. അദ്ദേഹം അന്ന് രാത്രി ആശ്രമത്തിൽ തങ്ങാൻ തീരുമാനിച്ചു ഏപ്രിൽ 18നു വൈകുന്നേരം 6 മണിക്ക് അദ്ദേഹം ഫത്തേഗർ വിട്ടു.

ലഖ്നൗവിലേക്ക് പോകുന്ന വഴിക്ക് **ഹാർദൊയി**ലുള്ള പിഡബ്ലിയുഡി ഇൻസ്പെക്ഷൻ ഹൗസിൽ കുറച്ചു സമയം വിശ്രമിക്കുവാൻ തീരുമാനിച്ചിരുന്നു. അവിടെയുള്ള അഭ്യാസികളെ അദ്ദേഹം കാണുകയും **ലഖ്നൗ** ആശ്രമത്തിലേക്ക് പോകുന്നതിനു മുൻപ് ഒരു സത്സംഗം നടത്തുകയും ചെയ്തു.

19നു കമലേഷ് ഭായ് നേരത്തെ എഴുന്നേറ്റു, അദ്ദേഹം തൻെറ ഇമെയിലുകൾ പരിശോധിക്കുകയും ധ്യാന കേന്ദ്രത്തിൽ പ്രഭാത സത്സംഗം നടത്തുകയും ചെയ്തു. സത്സംഗത്തിനു ശേഷം അദ്ദേഹം നടത്തിയ പ്രഭാഷണത്തിൽ കൃത്യമായ പരിശീലനത്തിൻെറ ആവശ്യം ഊന്നിപ്പറഞ്ഞു. അച്ചടക്കത്തിൻെറ ആവശ്യകതയെ കുറിച്ച് അദ്ദേഹം പറഞ്ഞു, ഇത് അഭ്യാസിയുടെ സ്വന്തം ഗുണത്തിനു വേണ്ടിയുള്ളതാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

കോട്ടേജിലുള്ള സന്നദ്ധ സേവകരുടെ കൂടെ അദ്ദേഹം ഊണു കഴിച്ചു. വൈകുന്നേരം ധ്യാനകേന്ദ്രത്തിലേക്ക് വരികയും സത്സംഗം നടത്തുകയും ചെയ്തു. ഒരു ചെറിയ പ്രഭാഷണത്തിൽ വസ്തുക്കൾക്കായുള്ള ആഗ്രഹങ്ങൾ ഇല്ലാതാക്കുക. അവയെങ്ങിനെയാണോ അപ്രകാരം സ്വീകരിക്കുക, സന്തോഷപൂർവ്വം അതു ചെയ്യുക. കഷ്ടപ്പാടുകളെ സന്തോഷപൂർവ്വം സ്വീകരിച്ച് അവയിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളണം. പരുഷമായതും ദേഷ്യമുള്ളതും തണുത്തതുമായ ഹൃദയം മാസ്റ്ററുടെ അനുഗ്രഹത്തെ വഴി മാറ്റുന്നു, എന്നാൽ എപ്പോഴും സന്തോഷവും കൃതജ്ഞതയും ഉള്ള ഒരാളുടെ ഹൃദയം മാസ്റ്ററുടെ കൃപ സ്വീകരിച്ചുകൊണ്ടേയിരിക്കും. അങ്ങനെയുള്ള ഒരാളുടെ പുരോഗതിവേഗത്തിലായിരിക്കും.” ഡൈനിംഗ് ഹാളിലുള്ള എല്ലാ സന്നദ്ധ സേവകരുടെയും കൂടെ അത്താഴം കഴിച്ചുകൊണ്ട് അദ്ദേഹം അവരെ ആഹ്ലാദത്തിലാഴ്ത്തി.

ഏപ്രിൽ 20നു രാവിലെ 9.00 മണിക്ക് അദ്ദേഹം ദില്ലിയിലേക്ക് പോകാൻ വേണ്ടി അമൗസി വിമാനത്താവളത്തിലേക്ക് പുറപ്പെട്ടു. അദ്ദേഹം ദില്ലി വഴി അഹമ്മദാബാദിലേക്ക് പോയി.



## മണപ്പാക്കത്തുനിന്നുമുള്ള വിശേഷങ്ങൾ



## ലാറ്റിൻ അമേരിക്കയിൽ നിന്നും ഐബീരിയൻ പെനിൻസുലയിൽ നിന്നും വന്ന അഭ്യാസികൾക്കായുള്ള സെമിനാർ

ഈ സെമിനാറിൽ ബ്രസീൽ, ചിലി, കൊളംബിയ, ഇക്കുഡർ, ഫ്രാൻസ്, ഹൈടി, മാർട്ടിനിക്, മെക്സികൊ, മൊറൊക്കൊ, പോർചുഗൽ, സ്പെയിൻ, യു.എസ്.എ, വെനെസ്വേല എന്നീ രാജ്യങ്ങളിൽ നിന്നുമുള്ള അഭ്യാസികൾ പങ്കെടുത്തു.

ഓരോ ദിവസവും 3 ധ്യാനവും 2 പരിപാടികളും ഉണ്ടായിരുന്നു. ഈ സെമിനാറിൽ പല പ്രാവശ്യം ആത്മ പരിശോധന നടത്താനുള്ള സന്ദർഭങ്ങൾ ഉണ്ടായിരുന്നു. അതിനുശേഷം, ചെറിയ സംഘങ്ങളായി ചർച്ചകളും തുടർന്ന് അഭ്യാസികൾ തങ്ങൾക്കുണ്ടായ ചിന്തകളും അനുഭവങ്ങളും പങ്കുവച്ചു. "മാസ്റ്ററെ ആന്തരികമാക്കി, അദ്ദേഹത്തിൻെറ അദ്ധ്യാപനങ്ങൾ ബാഹ്യമാക്കുക" എന്ന ആശയത്തിന്മേൽ ചർച്ചകൾ നടന്നു. ആശയ വിനിമയത്തിൻെറ തത്വങ്ങൾ എന്ന ലാലാജിയുടെ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി അഭ്യാസികൾ ആത്മപരിശോധന നടത്തുകയും, അതിൻെറ അടിസ്ഥാനത്തിൽ ഉയർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. മറ്റുള്ളവരോടുള്ള നമ്മുടെ മനോഭാവം, ആശയ വിനിമയത്തിൽ തങ്ങൾ കൊണ്ടുവരാൻ പോകുന്ന മാറ്റങ്ങൾ എന്നിവയെപ്പറ്റി വരുന്ന ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ അവരോട് നിർദ്ദേശിച്ചു. സെമിനാറിൻെറ അവസാന ദിവസം പല അഭ്യാസികളും അവരുടെ അനുഭവത്തിൻെറ അടിസ്ഥാനത്തിൽ ഈ ചോദ്യങ്ങൾക്ക് ഉദാഹരണങ്ങൾ വഴി ഉത്തരം നൽകി.

സെമിനാറിൽ പങ്കെടുത്തവർക്ക് 13നു കമലേഷ് ഭായ് ഒരു പ്രഭാഷണം നടത്തി. അതിൽ നൽകിയ ചില സന്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- നമ്മുടെ അറിവിന് അനുഭവത്തിൻെറ പിന്തുണ ഉണ്ടായിരിക്കണം. ഹൃദയംഗമായ സഹജാവബോധം പോലെ നമ്മുടെ ചിന്തകൾക്ക് വളരെ അധികം സാധ്യതക ളുണ്ട്. അവ അപ്പോൾ യാഥാർത്ഥ്യമായിത്തീരുന്നു.
- അധികം സംസാരിക്കാതിരിക്കുക. നമ്മുടെ ആന്തരിക സൗന്ദര്യത്തിൻെറ പ്രകടനമാണു ബാഹ്യ പെരുമാറ്റം. എല്ലാം ശരിയായി ചെയ്യുമ്പോൾ അത് വളരും.
- നമ്മുടെ ശുദ്ധീകരണ പ്രക്രിയ വളരെ കാര്യക്ഷമ മായതാണ്. അടിസ്ഥാന ശുദ്ധീകരണ പ്രക്രിയ മൂന്നു തരത്തിൽ ചെയ്യാം. (1) അനിഷ്ട ഫലങ്ങൾ ഉണ്ടാകാ തിരിക്കാൻ എന്ത് തീരുമാനം എടുക്കുന്നതിനു മുമ്പും ഒരു ഹ്രസ്വ ശുദ്ധീകരണം നടത്തുക; (2) മറ്റുള്ളവരുമായി ഒരു ഏറ്റുമുട്ടൽ ഉണ്ടാകാതിരിക്കാൻ ഒരു ഹ്രസ്വ ശുദ്ധീകരണം നടത്തുക; (3) നിഷേധാത്മകമായ സംഭവങ്ങൾ ഉണ്ടായതിനുശേഷം ഒരു ഹ്രസ്വ ശുദ്ധീകരണം നടത്തുക.

## പ്രിഫക്റ്റ് സ്ഥാനാർഥികൾക്കുള്ള പരിപാടി

**മാർച്ച് 6 മുതൽ 15 വരെ**

ഈ സെമിനാറിൽ 43 സഹോദരി–സഹോദരന്മാർ പങ്കെടുത്തു. പ്രിഫക്റ്റ്മാരുടെ നവീകരിച്ച പ്രവർത്തന രീതിയാണ് ഇതിൽ ചർച്ച ചെയ്തത്. സഹജമാർഗ തത്വങ്ങൾ, അവസ്ഥ നിരീക്ഷിക്കൽ, പത്ത് പ്രമാണങ്ങൾ എന്നീ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

കമലേഷ് ഭായ് ഇവർക്കു വേണ്ടി വളരെയധികം സമയം ചിലവഴിച്ചു. പ്രിഫക്റ്റുമാർ കുലീനത്വം വളർത്തി യെടുക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അവർ അജ്ഞാതരായി പ്രവർത്തിക്കണമെന്നും, സാധന ഉത്സാഹത്തോടുകൂടി ചെയ്യണമെന്നും പറഞ്ഞു. ഓഡിറ്റോറിയത്തിൻെറ മുകളിൽ നടത്തിയ രാത്രി ഭക്ഷണത്തിൽ അദ്ദേഹം പങ്കുചേർന്നത് എല്ലാവരെയും ഉത്സാഹഭരിതരാക്കി. ശ്രേഷ്ഠവും പവിത്രവുമായ തങ്ങളുടെ ഈ ജോലി തുടങ്ങാൻ പോകുന്ന പ്രിഫെക്റ്റ്മാരിൽ ഈ സെമിനാർ സാഹോദര്യവും താത്പര്യവും ജനിപ്പിച്ചു.







## നമ്മുടെ വിധി രൂപകൽപ്പന ചെയ്യൽ – ഓൾ ഇന്ത്യ യൂത്ത് സെമിനാർ: 21–28 മാർച്ച് 2015

ഏകദേശം രണ്ട് മാസത്തോളം നീണ്ടുനിന്ന എല്ലാ ആഴ്ചകളിലും അയച്ച ഇ- മെയിൽ ഫലമായി 18–നും 25–നും ഇടയിൽ പ്രായമുള്ള ഏകദേശം 450 അഭ്യാസികൾ ഇന്ത്യയുടെ പല ഭാഗത്തു നിന്നും വന്നു ചേർന്നു. ഈ സെമിനാറിൽ ഊന്നൽ കൊടുത്തിരുന്നത് അനുഭവത്തിനാനായിരുന്നു.

ചാരിജിയുടെ 'ഭാവിവീക്ഷണമുള്ളവരായിത്തീരുക' എന്ന പ്രഭാഷണത്തോടുകൂടിയാണ് സെമിനാർ തുടങ്ങിയത്. ക്രമാനുഗതമായ പരിശീലനം വഴി എപ്രകാരം ഒരഭ്യാസിക്ക് 'ആശയ വിനിമയത്തിൽ' നിന്നു മറ്റുള്ളവരുമായി 'സംവദിക്കാൻ' കഴിയുംവിധം പരിണമിക്കാൻ കഴിയുമെന്ന് വിവരിച്ചുകൊടുത്തു. സഹജമാർഗത്തെപ്പറ്റിയുള്ള മറ്റു ഉത്സാഹജനകമായ സമ്മേളനങ്ങളും ഉണ്ടായിരുന്നു. മൂന്നാം ദിവസവും അതിനുശേഷം എല്ലാ ദിവസങ്ങളിലും യാത്ര കഴിഞ്ഞു തിരിച്ചുവന്ന കമലേഷ് ഭായ് സത്സംഗം നടത്തി. സത്സംഗത്തിനുശേഷം അദ്ദേഹം നടത്തിയ പ്രഭാഷണങ്ങളിൽ നൽകിയ ചില മൂല്യമാർന്ന പ്രബോധനങ്ങൾ:

- പ്രാർത്ഥിക്കുക എന്നതിൽ നിന്ന്, ദിവസം മുഴുവൻ പ്രർത്ഥാനാവസ്ഥയിലായിരിക്കുക. അതുപോലെ ധ്യാനിക്കുക എന്നതിൽ നിന്ന് എപ്പോഴും ധ്യാനാവസ്ഥയിലായിരിക്കുക.
- നാം ഭണ്ഡാരകളിൽ പങ്കെടുക്കുമ്പോൾ കിണറ്റിലേക്ക് താഴ്ത്തിയ ബക്കറ്റ് മാതിരിയാണ്. അത് നിറഞ്ഞിരിക്കുന്നത് പോലെ തോന്നും. എന്നാൽ വെള്ളത്തിൽ നിന്നു പുറത്തെടുത്ത ഉടനെ കുറച്ച് വെള്ളം പുറത്തുപോകും. ബക്കറ്റിന് ചോർച്ച ഉണ്ടെങ്കിൽ പുറത്തെടുക്കുമ്പോഴെക്കും വെള്ളം മുഴുവൻ പോയിട്ടുണ്ടാവും. നമ്മുടെ ഹൃദയത്തിലുള്ള ആഗ്രഹങ്ങളാണ് ഈ ദ്വാരങ്ങൾ സൃഷ്ടിക്കുന്നത്.
- ഒരു ശൂന്യാവസ്ഥ രണ്ട് അർദ്ധഗോളങ്ങളെ ഒന്നിച്ച് നിർത്തുമ്പോൾ അവയെ വിഭജിക്കാൻ പ്രയാസമാണ്. എന്നാൽ അൽപം വായു അതിലേക്ക് കടത്തിവിട്ടാൽ അവയെ നിഷ്പ്രയാസം വിഭജിക്കാം. അതാണ് ശൂന്യന്തരാളത്തിൻെറ ശക്തി. മൂലസ്രോതസ്സിനെ നമ്മിൽ നിന്ന് വിഭജിക്കാൻ കഴിയാത്ത വിധം നമ്മുടെ ഹൃദയത്തിൽ അത്തരമൊരു ബന്ധം വളർത്തിയെടുക്കണം. വളരെ നിസ്സാരമായ ആഗ്രഹങ്ങൾ പോലും ഹൃദയത്തിലെ ശൂന്യത മലിനമാക്കും.
- എപ്പോഴും നിങ്ങളുടെ മാതാപിതാക്കളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. അവർക്ക് വേദന ഉളവാക്കാൻ തക്ക മൂല്യമുള്ള ഒന്നുമില്ല.
- ഇച്ഛാപൂർവ്വം ഉണ്ടാക്കിയെടുക്കുന്ന ആഗ്രഹങ്ങൾ നമ്മുടെ ഭാഗദേയത്തിൽ ഇടപെടും. വിധിയുമായി എടപെടാതിരിക്കുവാൻ നാം പഠിക്കുമ്പോൾ അത് അതിൻേറതായ രീതിയിൽ വികസിതമാവും.
- പരിശീലനത്തിന് രണ്ട് പ്രത്യേകതകളുണ്ട്. കേവലം പരിശീലനത്തിന് 5% മാത്രവും മനോഭാവത്തിന് 95%-വും എന്നതാണീ പ്രത്യേകത. പരിശീലനം നമുക്ക് പറഞ്ഞുകൊടുക്കാൻ കഴിയും; എന്നാൽ മനോഭാവം പഠിപ്പിക്കാൻ കഴിയില്ല. അത് സ്വയം വളർത്തിയെടുക്കണം.

കമലേഷ്ജി രണ്ട് ചോദ്യോത്തര വേദികളിൽ പങ്കെടുത്തു. ഉല്ലാസഭരിതനായാണ് അദ്ദേഹം ഉത്തരങ്ങൾ പറഞ്ഞത്.



ആന്തരിക മാർഗനിർദ്ദേശങ്ങൾക്കാണ് ഊന്നൽ കൊടുത്തിരുന്നത്. ഈ സംഘവുമായി ഒന്നിച്ചുകൂടാൻ കഴിഞ്ഞതിൽ അദ്ദേഹം സന്തോഷവാനായിരുന്നു. ഇതിൽ പങ്കെടുത്തവരെല്ലാം ഉയർന്ന ആത്മീയ പ്രവർത്തനത്തിന് തയ്യാറാകുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. അവരോട് താഴെ പറയുന്ന പുസ്തകങ്ങൾ വായിക്കാൻ നിർദ്ദേശിച്ചു:

*എൻെറ ഗുരു, മനുഷ്യ പരിണാമത്തിൽ ഗുരുവിൻെറ പങ്ക്, റിവീലിംഗ് ദ പേർസണാലിറ്റി, സ്നേഹവും മരണവും, രാം ചന്ദ്രയുടെ സമ്പൂർണ്ണകൃതികൾ.*

സെമിനാർ അവസാനിക്കാറായപ്പോൾ എല്ലായ്പ്പോഴും അനുഭവപ്പെടാറുള്ള സങ്കടം കവിഞ്ഞൊഴുകുന്ന സന്തോഷത്തിനു വഴിമാറി. ഒരു പുതിയ തുടക്കത്തിൻെറ അനുഭവവും ഉണ്ടായി.

## കിഴക്കൻ സംസ്ഥാനങ്ങളിലെ പ്രിസപ്റ്റേഴ്സ് സെമിനാർ: 24–28 മാർച്ച് 2015



'മാസ്റ്ററെ ആന്തരീകവൽക്കരിക്കുക, അദ്ദേഹത്തിൻെറ അധ്യാപനങ്ങൾ ബാഹ്യവൽക്കരിക്കുക' എന്ന വിഷയത്തിൽ നടത്തിയ സെമിനാറിൽ പശ്ചിമ ബംഗാൾ, ബിഹാർ, ഒറീസ്സ, ഝാർക്കണ്ഡ്, സിക്കിം എന്നിവിടങ്ങളിൽ നിന്നുള്ള ഏകദേശം 80–ഓളം പ്രിസപ്റ്റേഴ്സും, മഹാരാഷ്ട്ര, തമിഴ്നാട്, മദ്ധ്യപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള ക്ഷണിതാക്കളും പങ്കെടുത്തു.

ഈ പരിപാടി ഏകോപിപ്പിച്ചത് എട്ട് പേർ അടങ്ങുന്ന ഒരു ടീം ആയിരുന്നു. ചാരിജി മഹാരാജ് അത്തരം സെമിനാറുകൾ ലക്ഷ്യം വെച്ചിരുന്ന ലക്ഷ്യങ്ങൾ തന്നെയാണ് അവരും സ്വീകരിച്ചത്. പ്രിസപ്റ്റർമാർക്കിടയിൽ സഹോദര്യം വളർത്തുക, പരസ്പര സഹകരണവും, ആശയവിനിമയവും പ്രോത്സാഹിപ്പിക്കുക എന്നതാണ് അത്.

വിവിധ പ്രസംഗങ്ങളിലും, ചർച്ചകളിലും കൈകാര്യം ചെയ്യപ്പെട്ട വിഷയങ്ങളിൽ 'ഒരു സചേതനമായ ജീവിത രീതി', 'സംസ്കാരവും വിധിയും', 'ക്രിയാത്മതയും നിഷ്ക്രിയാത്മകതയും', എന്നിവയായിരുന്നു. എല്ലാ സെഷനുകളും തുടങ്ങിയത് കമലേഷ് ഭായി ഈ വർഷാരംഭത്തിൽ പ്രഖ്യാപിച്ച രീതികളുടെ പ്രായോഗിക പാഠങ്ങളിലൂടെയാണ്. എല്ലാവർക്കും 'ഹൃദയപൂർവ്വമായ വിശ്രാന്തി' എന്ന രീതി പഠിക്കാനുള്ള അവസരവും ഉണ്ടായി.

അവസാന ദിവസം വൈകുന്നേരം, ഓഡിറ്റോറിയം കെട്ടിടത്തിൻെറ മുകൾനിലയിൽ വെച്ച് കമലേഷ് ഭായിയുടെ സാന്നിദ്ധ്യത്തിൽ ഒരു അത്താഴവിരുന്നും നടത്തുകയുണ്ടായി. അദ്ദേഹത്തിൻെറ സൗഹാർദ്ദപരമായ സമീപനം എല്ലാവരെയും സ്പർശിച്ചു. ഇത്തരത്തിലുള്ള കൂടുതൽ പരിപാടികളിൽ പങ്കെടുക്കുവാനുള്ള താത്പര്യം എല്ലാവരും പ്രകടിപ്പിച്ചു.

## സന്ദേശങ്ങൾ പ്രചരിപ്പിക്കൽ

പ്രകാശം ജില്ലയിലെ യഡ്ഡനപുടി മണ്ഡലത്തിലെ ഒരു ചെറിയ ഗ്രാമമാണ് യനമാഡ്ല. പൂജ്യ കമലേഷ് ഭായി ഈ ഗ്രാമം സന്ദർശിക്കുകയും ഏപ്രിൽ 6–ാം തീയതി ഒരു തുറന്ന സദസ്സ് സംഘടിപ്പിക്കുകയുമുണ്ടായി. ഏകദേശം 250 ഓളം ഗ്രാമീണർ സഹജമാർഗ്ഗ ധ്യാനപദ്ധതിയെക്കുറിച്ച് അറിയാനായി ഒത്തുകൂടിയിരുന്നു. "ജീവിതത്തിൻെറ ലക്ഷ്യവും, ധ്യാനത്തിൻെറ ആവശ്യകതയും" എന്ന വിഷയത്തെ ആസ്പദമാക്കി കമലേഷ് ഭായി ഒരു സന്ദേശം നൽകി. നെല്ലൂർ സെൻറർ ഇൻ ചാർജ് സഹോദരി ഉമ ഗംഗാധർ തെലുങ്കിലേക്ക് ഈ സന്ദേശം വിവർത്തനം ചെയ്തു. ഈ മണ്ഡലത്തിലെ എം.എൽ.എ.യും തുറന്ന സദസ്സിൽ പങ്കെടുക്കുകയുണ്ടായി. മാർത്തൂർ എന്ന സ്ഥലത്തും ഇതു പോലൊരു തുറന്ന സദസ്സ് സംഘടിപ്പിക്കാനായി അദ്ദേഹം കമലേഷ് ഭായിയോട് അഭ്യർത്ഥിച്ചു. ധ്യാനത്തിൻെറ ആവശ്യകതയെ സംബന്ധിച്ച് ചില ചോദ്യങ്ങൾക്കും കമലേഷ് ഭായി ഉത്തരം നൽകി.

എം.എൽ.എ.യുടെ അഭ്യർത്ഥന മാനിച്ച് ഏപ്രിൽ 16–ന് മാർട്ടൂർ ഗ്രാമത്തിൽ വെച്ച് തുറന്നസദസ്സ് സംഘടിപ്പിക്കുകയുണ്ടായി. 800 ഉദ്യോഗസ്ഥരും അല്ലാത്തവരും ഇതിൽ പങ്കെടുത്തു. സഹോദരി ഉമ ഗംഗാധർ സഹജമാർഗ്ഗ ധ്യാനരീതിയെക്കുറിച്ചും, ജീവിത സാക്ഷാത്ക്കാരത്തെക്കുറിച്ചും സംക്ഷിപ്തമായി സംസാരിച്ചു. പിന്നീട് ഡോ. വെങ്കട്.ആർ.എഡറ ധ്യാനത്തിൻെറ ഗുണങ്ങളെപ്പറ്റി സംസാരിച്ചു. പത്തു മിനിട്ടോളം ധ്യാനനിരതരായിരിക്കാനും അദ്ദേഹം ആളുകളെ പരിശീലിപ്പിച്ചു. ധ്യാനത്തിനുശേഷം എല്ലാവരും വളരെ സ്വസ്ഥമാവുകയും അസാധാരണമായ ശാന്തി അനുഭവപ്പെടുന്നതായും പറയുകയുണ്ടായി. ഈ സമയത്ത് കമലേഷ് ഭായി ഷാജഹാൻപൂരിലായിരുന്നു. അവിടെയിരുന്നുകൊണ്ട് 800–ഓളം വരുന്ന ആളുകൾക്ക് ഏകദേശം 40 മിനിട്ട് നീളുന്ന ഒരു വിദൂര സിറ്റിംഗ് അദ്ദേഹം നൽകുകയുണ്ടായി. അതിനുശേഷം തുടർ വ്യക്തിഗത സിറ്റിംഗുകൾക്കായി 17–നും 18–നും രാത്രി 9 മണിക്ക് തയ്യാറാവാൻ അദ്ദേഹം നിർദ്ദേശിച്ചു. ഈ പരിപാടി ആസൂത്രണം ചെയ്യുവാൻ ധാരാളം വളൻറിയേഴ്സ് ഉണ്ടായിരുന്നു.



## യു-കണക്റ്റ് പ്രവർത്തനങ്ങൾ



### ഗാസിയബാദ്

29-മാർച്ചിന് ഒരു ഏകദിന യു-കണക്റ്റ് യോഗം ഗാസിയബാദിലുള്ള ശാന്തികുഞ്ജ് ആശ്രമത്തിൽ വെച്ച് നടത്തപ്പെട്ടു. ആഗ്ര, മീററ്റ്, ഹാപുർ, ഗ്വാളിയോർ, മുസാഫർ നഗർ, മൊറാദാബാദ്, നോയിഡ, വൈശാലി, ദില്ലി, ഗുർഗാവ് എന്നിവിടങ്ങളിൽ നിന്നുമുള്ള 80-ഓളം ആളുകൾ ഇതിൽ പങ്കെടുത്തു.

ഗാസിയബാദിലെ സുമിത് അറോറയും, നോയിഡയിലെ ഹർപ്രീത് ഭാനുമാണ് ഈ സെമിനാറിന് നേതൃത്വം നൽകിയത്. ഇവർ യു-കണക്റ്റ് പരിപാടിയുടെ ഉദ്ദേശ്യവും, രീതികളും പരിചയപ്പെടുത്തി. പങ്കെടുത്തവരുടെ ചോദ്യങ്ങൾക്ക് ഇരുവരും സംയുക്തമായി മറുപടി പറഞ്ഞു.

ക്രമീകരണം, യോഗ എന്നീ വിഷയങ്ങളിൽ ഒരു അനുകരണ വേദിയുമുണ്ടായി. സ്വയം വികാസ പരിപാടി (SDP) നടപ്പിലാക്കാൻ പറ്റുന്ന വിദ്യാലയങ്ങളെ അവരവരുടെ പ്രദേശങ്ങളിൽ നിന്നും തിരിച്ചറിയാനും അവരോട് ആവശ്യപ്പെടുകയുണ്ടായി.

### കോൽഹാപൂർ

കോൽഹാപൂരിലെ ഭീമ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മൻറ് ആൻറ് ടെക്നോളജിയിലെ എം.ബി.എ വിദ്യാർത്ഥികൾക്കായി നടത്തിയ സ്വയം വികാസ പരിപാടി (SDP) വളരെ നന്നായി നടന്നു. സ്ഥാപനത്തിലെ ഡീനിൽ നിന്നും അകമഴിഞ്ഞ പ്രോത്സാഹനമാണ് പരിപാടിക്ക് ലഭിച്ചത്.

ആഗസ്റ്റ് 2014 മുതൽ ഫെബ്രുവരി 2015 വരെ 12 സെഷനുകളിൽ 31 വിദ്യാർത്ഥികൾ ആവേശത്തോടെ പങ്കെടുത്തു. പങ്കെടുത്തവരിൽനിന്നും ആവേശകരമായ പ്രതികരണവും പങ്കാളിത്തവും ഉണ്ടായി. ചില വേദികളിൽ ഭീമ എജുക്കേഷൻ സൊസൈറ്റിയിലെ വൈജ്ഞാനികരും പങ്കെടുത്തു. എല്ലാവരും ഇത്തരം പരിപാടിയിൽ ഉയർത്തിയ കാതലിനേയും മൂല്യങ്ങളേയും പ്രകീർത്തിച്ചു.

ഏകദേശം 27 വിദ്യാർത്ഥികൾ ചിട്ടയായ ധ്യാന പരിശീലനത്തിന് തയ്യാറാവുകയും പ്രാഥമിക സിറ്റിംഗുകൾ എടുക്കുകയും ചെയ്തു. കോളേജ് ക്യാമ്പസിൽ ഗ്രൂപ്പ് മെഡിറ്റേഷനും നടത്തുകയുണ്ടായി. പങ്കെടുത്തവർക്കെല്ലാം ശ്രീ എ.കെ.ഗുരാവ് പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ച് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. തദവസരത്തിൽ വിദ്യാർത്ഥികൾ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു കൊണ്ട് എങ്ങനെ ധ്യാനം തങ്ങൾക്ക് ഗുണകരമായി എന്ന് പറയുകയുണ്ടായി. ജൂലായ്-2015ൽ ടൈംടേബിളിൽ യു-കൺക്ട് പ്രോഗ്രാമിനായി ഒരു പ്രത്യേക ഇടം നൽകുമെന്നും പ്രഖ്യാപനം ഉണ്ടായി.

### കൊൽക്കത്ത

മാർച്ച് 14, 15 തീയതികളിൽ ബി.എം.എ. കൊൽക്കത്തയിൽ വെച്ച് ഒരു ദ്വിദിന യു-കണക്ട് ഫാക്കൽട്ടി ഡെവലപ്പ്മൻറ്/ഓറിയൻേറഷൻ ശിൽപശാല സംഘടിപ്പിച്ചു. ബീഹാർ, ഝാർക്കണ്ട്, ആസ്സാം, വെസ്റ്റ് ബംഗാൾ എന്നിവിടങ്ങളിൽ നിന്നുള്ള 75-ഓളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. അവർക്ക് യു-കണക്ട് പദ്ധതിയെക്കുറിച്ചുള്ള ഒരു ഏകദേശധാരണ ഇതിലൂടെ നൽകാനായി. കൂടാതെ ആസൂത്രകരുടെ ഉത്തരവാദിത്തങ്ങൾ, സ്ഥാപനങ്ങളോടുള്ള സമീപനരീതികൾ എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളും നടന്നു. പങ്കെടുത്തവരെ 5 ഗ്രൂപ്പുകളായി തിരിച്ച് യു-കണക്ട് കരിക്കുലത്തിൽ നിന്നുമുള്ള ഓരോ പാഠങ്ങൾ ഏൽപ്പിച്ച് ആ വിഷയങ്ങളെക്കുറിച്ചുള്ള അവതരണങ്ങളും നടത്തുകയുണ്ടായി. ഒരു ഫീഡ്ബാക്ക് സെഷനും, പ്രവർത്തനപദ്ധതി നിർവചനത്തോടും കൂടി ഈ പരിപാടി സമാപിച്ചു.





## വടക്കെ ആന്ധ്രപ്രദേശ്

UConnect news contd...



മാർച്ച് 14,15 തിയതികളിൽ ഒരു അനുകരണ പരിശീലന പരിപാടി സോൺ 1എ യിലെ സാത്തുപള്ളി സെൻറർ, അശ്വപുരം സെൻറർ ചേർന്ന് വാറങ്കൽ ആശ്രമത്തിൽ വെച്ച് സംഘടിപ്പിച്ചു. ധ്യാനം, മൂല്യങ്ങൾ, യോഗ, മതം, 'ആന്തരിക വികസനം ബാഹ്യ വികസനത്തിനെ പ്രോത്സാഹിപ്പിക്കുന്നു എന്ന സന്ദേശം തുടങ്ങിയവയുടെ അവതരണങ്ങൾ നൽകി, തുടർന്ന് മാസ്റ്ററുടെ വീഡിയോ പ്രദർശനവും നടന്നു. യുവാക്കളോടൊപ്പം പ്രാദേശിക അഭ്യാസികളും പ്രിസപ്റ്റർമാരും പങ്കാളികളായി. ഈ പരിപാടി ചെറുപ്പക്കാർക്ക് പരസ്പരം അടുത്തറിയുന്നതിനും സഹജമാർഗ്ഗവുമായി കൂടുതൽ ബന്ധിപ്പിക്കുന്നതിനും സഹായകമായി.വിദ്യാർത്ഥികൾ ആവേശത്തോടെയും ആർജവത്തോടെയും പങ്കെടുത്തു.

യു-കണക് റ്റിൽ പങ്കാളിയാകുന്നതിൻ ദയവായി താഴെ പറയുന്നതിൽ ബന്ധപ്പെടുക:

http://www.sahajmarg.org/resources/programs/uconnect

## മൂല്യ വിദ്യാഭ്യാസം





SHPT അവതരിപ്പിച്ച മൂല്യ വിദ്യാഭ്യാസം രാജ്യത്തിൻെറ വിവിധ പ്രദേശത്ത് നല്ല രീതിയിൽ നടന്നു വരുന്നു. ഏപ്രിലിൽ ആരംഭിക്കുന്ന അദ്ധ്യയന വർഷത്തിൽ പല സ്കൂളുകളും മൂല്യ വിദ്യാഭ്യാസം അവരുടെ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തയ്യാറെടുത്തിരിക്കുകയാണ്.നമുക്ക് ലഭിച്ച ചില അറിയിപ്പുകൾ ഇവയാണ്.

**റബ്രിയവാസ്**(രാജസ്ഥാൻ)ലെ അംബുജ പബ്ലിക് സ്കൂളിൽ 8,9 ക്ലാസ്സുകളിൽ മൂല്യ വിദ്യാഭ്യാസ പദ്ധതി ഏപ്രിൽ മുതൽ ഉൾപ്പെടുത്തുന്നുണ്ട്. പ്രാഥമിക ഭാഗങ്ങൾക്കുശേഷം കുട്ടികൾ അനുകൂല മനസ്ഥിതി പ്രകടിപ്പിക്കുകയും ആവേശത്തോടെ പങ്കെടുക്കുകയും ചെയ്യുന്നുണ്ട്.

**സിലിഗുരി**യിലെ സെയ്ൻറ് മിഘായേൽ സ്കൂളിൽ 2015–16 അദ്ധ്യയന വർഷത്തിൽ മൂല്യവിദ്യാഭ്യാസ പരിപാടി തുടങ്ങി. 8, 9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ഏപ്രിൽ 7, 11 തിയതികളിൽ വിഷയം അവതരിപ്പിച്ചു. ആറു 'അടിസ്ഥാന മൂല്യങ്ങൾ' എങ്ങനെ സജീവ പഠനത്തിലൂടെ പങ്ക് വെക്കാം എന്ന ആശയവും നൽകി. ചുരുക്കത്തിൽ കുട്ടികൾ ആവേശത്തോടെ പങ്കെടുത്ത രസകരമായ വേദികളായിരുന്നു.

**ഝപതപൂർ**, നമ്പർ 2, റെയിൽവെ കോളനിയിലെ കേന്ദ്രീയ വിദ്യാലയത്തിലെ അധ്യാപകർക്കായി ഏപ്രിൽ 7 ന് മൂല്യവിദ്യാഭ്യാസ പരിപാടിയുടെ ക്രമീകരണ വേദി സംഘടിപ്പിച്ചു. മൂല്യങ്ങൾ വളർത്തുന്നതിൻെറ പ്രാധാന്യം ഊന്നിപ്പറഞ്ഞ് പങ്കെടുത്തവർക്ക് ഒരു വിവരണം നൽകി. യോഗത്തിൻെറ അവസാനം വളൻറിയർമാർക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന്, അധ്യാപകർ സഹായം വാഗ്ദാനം ചെയ്തു.




മൂല്യവിദ്യാഭ്യാസത്തിനായി വളൻറിയറാകുന്നതിന് ബന്ധപ്പെടുക:

http://www.sahajmarg.org/resources/programs/values-education

## യുവജന പ്രവർത്തനങ്ങൾ

### ഷോളവന്ദൻ, തമിഴ്നാട്



ഏപ്രിൽ 14ന് മധുര, ചിന്നലപ്പട്ടി, സിവഗംഗൈ, ഷോലവന്ദൻ സെൻററുകളിലെ 30 അഭ്യാസികൾക്കായി ഒരു പരിപാടി സംഘടിപ്പിച്ചു. മാസ്റ്റർ മിഷൻ, മെത്തേഡ് എന്നിവയോടടുപ്പം വളർത്തുന്നതിനായി പങ്കെടുത്തവർ അവരവരുടെ സെൻററുകളിലെ അനുഭവങ്ങൾ പങ്കുവെച്ചു. *സത്യോദയം* എന്നതിനെക്കുറിച്ചും നമ്മിൽ എങ്ങനെ മാറ്റം വരുത്താം എന്നതിനായി മാസ്റ്ററുടെ ഉദ്ധരണികളോടെ അവതരണങ്ങൾ നടത്തി. അവസാനം മിഷൻെറ വളർച്ചക്കായുള്ള ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് അവർ ചർച്ച ചെയ്തു. പങ്കെടുത്തവർക്കെല്ലാം ആ ഒരു ദിവസത്തെ പരിപാടി ആത്മീയ ഏകാന്തവാസം പോലെ അനുഭവപ്പെട്ടു.

### ഹുബ്ലി,കർണ്ണാടക

വടക്കേ കർണ്ണാടകയിലെ വിവിധ സെൻററുകളിലെ 42 യുവ അഭ്യാസികൾക്കായി ഒരു ദ്വിദിന യോഗം ഹുബ്ലി സെൻററിൽ മാർച്ച് 13, 14 തിയതികളിൽ സംഘടിപ്പിച്ചു. ഹുബ്ലി സെൻററിലെ യുവാക്കൾ വിവിധ സെൻററുകളിൽ നേരിട്ട് സന്ദർശനവും യുവാക്കളെ നേരിട്ട് പ്രോത്സാഹിപ്പിക്കലും മറ്റുമായി കഴിഞ്ഞ ഒരു മാസത്തെ കഠിന തയ്യാറെടുപ്പിലായിരുന്നു. ലക്ഷ്യം, ആത്മീയയാത്ര, പരിശീലനം പരിവർത്തനം എന്നിവയിലൂടെ ആത്മപരിശോധനക്കും സ്വാനുഭവങ്ങൾക്കും ഊന്നൽ നൽകികൊണ്ടുള്ള ചർച്ചാവേളയുമുണ്ടായിരുന്നു. കാലത്ത് ശാരീരിക വ്യായാമം, സത്സംഗം, ഗോൾഡൻ സൈലൻസ്, കളികൾ, വിനോദയാത്ര, ശുദ്ധീകരണം തുടങ്ങിയവയും ആസൂത്രണം ചെയ്തിരുന്നു.



## വേനൽക്കാല ക്യാമ്പ്, ഗാസിയാബാദ്

ശാന്തികുംജ് ആശ്രമത്തിത്തിൽവെച്ച് കുട്ടികൾക്കായി ഏപ്രിൽ 11,12 തിയതികളിൽ ഒരു വേനൽക്കാല ക്യാമ്പ് സംഘടിപ്പിച്ചു. ഗാസിയബാദ്, നോയ്ഡ, വൈശാലി ആശ്രമങ്ങളിലെ കുട്ടികൾ പങ്കെടുക്കുകയും അവർക്കോരോരുത്തർക്കും ഒരു സമ്മാന പൊതി നൽകുകയും ചെയ്തു.

'ഇന്ദ്രധനുസ്സ്' എന്നായിരുന്നു ക്യാമ്പിൻെറ ആശയം. വിവിധ കരവേലകളാൽ വർണ്ണം വാരി വിതറി ആശ്രമ പരിസരം അലങ്കരിച്ചിരുന്നു. വ്യായാമത്തോടെ ക്യാമ്പ് തുടങ്ങി. പ്രഭാത ഭക്ഷണം കഥ പറച്ചിലും മൂല്യങ്ങൾ പങ്കുവെക്കുന്നതിനും ശ്രദ്ധാലുവാക്കുന്നതിനും ചേർന്നുള്ളതായിരുന്നു. ഇതിനുശേഷം വസ്തുക്കൾ പുനരുപയോഗം ചെയ്യുന്നതിനായുള്ള കലാകരകൗശലവേദിയായിരുന്നു. ഉച്ചഭക്ഷണ ശേഷം ബൊമ്മ കാഴ്ച്ചയും സിനിമയുമുണ്ടായിരുന്നു. വൈകുന്നേരം ആശ്രമപരിസരം വൃത്തിയാക്കൽ, ധ്യാന ഹാളിലെ കസേരകൾ കഴുകൽ, ചെടികൾക്ക് വെള്ളമൊഴിക്കൽ തുടങ്ങിയ സേവനങ്ങളായിരുന്നു. കുട്ടികൾ ആശ്ചര്യകരമാം വിധം ആത്മാർത്ഥതയും ജോലി ചെയ്യുന്നതിന് വളരെ സന്തോഷവും പ്രകടിപ്പിച്ചു.

സന്നദ്ധസേവകർ പുറം കളികളായ ഫുട്ബാൾ, ക്രിക്കറ്റ്, വടം വലി തുടങ്ങിയവ സംഘടിപ്പിച്ചു. അവർ വ്യായാമങ്ങളും മറ്റു കളികളും ആസ്വദിച്ചു. അവരുടെ ഡയറി എഴുത്തും രാത്രി പ്രാർത്ഥനയോടെയും ദിവസം അവസാനിച്ചു.



അടുത്ത ദിവസം വ്യായാമത്തിനുശേഷം പ്രഭാത ഭക്ഷണത്തോടെ തുടങ്ങി. അഭ്യാസികൾ ധ്യാനഹാളിലേക്ക് നീങ്ങിയപ്പോൾ കുട്ടികൾ അവരുടെ സ്ഥലം അലങ്കരിക്കുകയും കളിക്കുകയും ചെയ്തു. അവർ ചർച്ചചെയ്യുകയും പങ്കുവെക്കൽ ശ്രദ്ധ, ഒത്തൊരുമ, ഐക്യം, കഠിനാദ്ധ്വാനം, പ്രകൃതിസ്നേഹം, സഹവർത്തിത്വം, സഹകരണം തുടങ്ങിയ മൂല്യങ്ങളെ പ്രകീർത്തിച്ചു. അടുത്ത അവസരത്തിനുള്ള കാത്തിരുപ്പോടെ അവർ വീട്ടിലേക്ക് മടങ്ങി.

## വാർത്താശകലങ്ങൾ



### കോയമ്പത്തൂർ, തമിഴ്നാട്

കോയമ്പത്തൂർ എയർ പോർട്ടിനുസമീപത്ത് താമസിക്കുന്ന 40 അഭ്യാസികൾക്ക് ആയി ഒരു പുതിയ ഉപസെൻറർ ഏപ്രിൽ 5ന് ഉദ്ഘാടനം ചെയ്തു. രാവിലെ 7.30 ന് സത്സംഗം സോണൽ ഇൻ ചാർജ് ടി.വി.വി.റാവു നടത്തി. നിലവിലുള്ള 80 അഭ്യാസികൾക്കു പുറമെ 10 പുതിയവരും പങ്കെടുത്തു. ഇതിനുശേഷം നടന്ന ചോദ്യോത്തരവേളയിൽ കോയമ്പത്തൂർ സെൻറർ ഇൻ ചാർജ് ടി.എസ്.മണിയനും സോണൽ ഇൻ ചാർജും മറുപടി നൽകി. അനുഭവം പങ്കു വെച്ചുള്ള സമയത്തിനുശേഷം രണ്ടാമത്തെ സത്സംഗത്തിനും ഉച്ചഭക്ഷണത്തിനും ശേഷം പരിപാടി അവസാനിച്ചു.

### ഭിൽവാഡ, രാജസ്ഥാൻ



രാവിലത്തെ സത്സംഗത്തിനുശേഷം അവതരിപ്പിച്ച 'ജീവിതപോരാട്ടം' എന്ന ആശയത്തിൽ അഭ്യാസികളുടെ സുഹൃത്തുക്കളും ബന്ധുക്കളും പങ്കാളികളായിരുന്നു. പങ്കെടുത്തവർക്ക് പത്തു ചോദ്യങ്ങൾ അയവിറക്കാൻ നൽകി: ഇത് യാത്രയാണോ ഓട്ടമാണോ?, ജീവിതം ഓട്ടമാണെങ്കിൽ എന്തിനുവേണ്ടി? നമ്മളെല്ലാവരും ഒരേ ദിശയിലേക്കാണോ ഓടുന്നത്?, എന്തുകൊണ്ട് നമ്മുടെ ദിശയെ തിട്ടപ്പെടുത്തുവാൻ നിൽക്കുന്നില്ല. പിന്നീട് നടന്ന ചർച്ചയിൽ പങ്കെടുത്തവരോട് ഏതു ചോദ്യമാണ് അവരെ സ്പർശിച്ചിരുന്നത് എന്ന് ചോദിച്ചു. അവസാനം അവർ പരിപാടിയെക്കുറിച്ച് അഭിപ്രായം നൽകി. എല്ലാവരും പരിപാടിയെപ്പറ്റി നല്ല അഭിപ്രായം പ്രകടിപ്പിക്കുകയും തുടർന്നും വേദികൾ വേണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.അവരവരുടെ നിത്യ ജീവിതത്തിൽ ഒരു പുനർചിന്തനം നടത്തുന്നതിന് ഈ പരിപാടി പ്രയോജനകരമായി.



### മംഗലാപുരം, കർണ്ണാടക

CREST ഡയറക്ടർ സഹോദരൻ മോഹൻദാസ് ഫെബ്രുവരി 22 ന് 'എങ്ങനെ ഭക്തി വളർത്താം' എന്നതിനെ കുറിച്ച് ഒരു ശിൽപശാല സംഘടിപ്പിച്ചു. മംഗലാപുരത്തെയും സമീപ പ്രദേശത്തെ സെൻററുകളിൽ നിന്നുമായി 69 അഭ്യാസികൾ പങ്കെടുത്തു. അദ്ദേഹം മാസ്റ്ററോടുള്ള ഭക്തിയുടെ പ്രാധാന്യത്തെ വിവരിക്കുകയും അത് ആത്മീയ പുരോഗതിക്ക് എന്തുകൊണ്ട് അത്യാവശ്യമാണെന്നും വിവരിച്ചു. അഭ്യാസികളോട് അത്തരം ഭക്തി വളർത്തുന്നതെങ്ങനെയെന്ന് അവരുടെ അഭിപ്രായം ആരായുകയും അതിനുള്ള തടസ്സങ്ങൾ കുറിച്ചെടുക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

ഉച്ച ഭക്ഷണത്തിനുശേഷം, ഈ വിഷയത്തെ പ്രതിപാദിച്ച് കൂട്ടായചർച്ച നടത്തി. അഭിപ്രായങ്ങളെ സംഗ്രഹിച്ചുകൊണ്ട് സഹോദരൻ മോഹൻദാസ് അഭിപ്രായപ്പെട്ടത്, ചർച്ചയിലുണ്ടായിരുന്ന മൂന്നു നാലു ആശയങ്ങൾ ആത്മാർത്ഥമായി നടപ്പിലാക്കുകയാണെങ്കിൽ അവരാരായാലും തീർച്ചയായും ഭക്തി വർദ്ധിച്ച് പുരോഗതി വേഗത്തിലാവും എന്നാണ്.

ചോദ്യോത്തരവേള സംശയനിവാരണത്തിന് പ്രയോജനപ്പെട്ടു. അഭ്യാസികളോട് ഭക്തി വർദ്ധിക്കുന്നതിന് അവരവർക്ക് തോന്നിയ ആശയത്തെ കുറിച്ച് പത്തു മിനിറ്റ് ആത്മപരിശോധന നടത്തുവാൻ ആവശ്യപ്പെടുകയും തുടർന്ന് ഓരോരുത്തരും ആശയം പരസ്പരം പങ്കു വെക്കുകയും ചെയ്തു. ശിൽപശാല 4 മണിക്കുള്ള സത്സംഗത്തോടെ പര്യവസാനിച്ചു.

---

To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2015 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.